LIBRARY ARCHIVES Kerala Legislative Assembly

തൊട്ടുമുൻപുള്ള മാസംവരെയുള്ള വെൽഫെയർ ഫണ്ട് അടച്ച രസീത് ഹാജരാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. രസീത് ഹാജരാക്കുന്നമുറയ്ക്ക് മാത്രമേ വകുപ്പിന്റെ ഓഫീസുകളിൽ നികുതി സ്വീകരിക്കുകയുള്ളൂ.

(സി) ക്ഷേമനിധി വിഹിതം അടച്ച രസീത് ഹാജരാക്കുന്നവരിൽ നിന്നാണ് നികുതി എടുക്കുന്നത്. എന്നാൽ വാഹന ഉടമകൾ ക്ഷേമനിധി അടയ്ക്കാതെ നികുതി അടയ്ക്കുന്നുവെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്ഷേമനിധി അടച്ചവരുടെ വിവരങ്ങൾ കമ്പ്യൂട്ടറിലോ അല്ലാതെയോ മോട്ടോർ വാഹന വകുപ്പിൽ ലഭ്യമല്ല. വ്യാജ രസീത് കാണിച്ച് നികുതി അടച്ചതും രസീത് ഇല്ലാതെ നികുതി സ്വീകരിച്ചതുമായ ഒറ്റപ്പെട്ട സംഭവങ്ങൾമാത്രമേ റിപ്പോർട്ട് ചെയ്തിട്ടുള്ളൂ. ക്ഷേമനിധി അടയ്ക്കാത്തതിനാൽ നികുതി അടയ്ക്കാത്തവരുടെ എണ്ണവും കൂടുതലാണ്. വാഹനം പിടിച്ചെടുത്ത് സുരക്ഷിതമായി കസ്റ്റഡിയിൽ വയ്ക്കുവാൻ പോലീസ് സ്റ്റേഷനിൽ സ്ഥല സൗകര്യം ലഭ്യമല്ലാത്തതിനാൽ മോട്ടോർ വാഹന വകുപ്പിനും നടപടി എടുക്കുവാൻ സാധിക്കുന്നില്ല. ആകയാൽ ക്ഷേനിധി അടയ്ക്കുന്നതുമായി ബന്ധപ്പെട്ട വിവരങ്ങൾ കമ്പ്യൂട്ടറിൽ ഫീഡ് ചെയ്ത് മോട്ടോർ വാഹന വകുപ്പിന്റെ കമ്പ്യൂട്ടറുമായി ബന്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കണമെന്ന് തൊഴിൽ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

മോട്ടോർ വാഹന വകുപ്പിനെ അഴിമതിരഹിതമാക്കാൻ നടപടി

270 (7833) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർവാഹന വകുപ്പിനുകീഴിലുള്ള ഓഫീസുകളിൽ ഇടനിലക്കാർ വ്യാപകമായി കടന്നുവരുന്നത് ഒഴിവാക്കുവാനും ജനങ്ങൾക്ക് ഓഫീസുകളിൽനിന്നും നേരിട്ട് ലഭിക്കാവുന്ന സേവനങ്ങൾ ഇടനിലക്കാരിലൂടെ മാത്രമേ ലഭിക്കൂ എന്ന സാഹചര്യം അവസാനിപ്പിക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ ;

(ബി) ആർ. ടി. ഓഫീസുകളിൽ വിജിലൻസ് റെയ്ഡുകൾ നടത്തുന്നതിലൂടെ മാത്രം ഇടനിലക്കാരുടെ കടന്നുകയറ്റവും കൈക്കൂലിയും അഴിമതിയും മോട്ടോർ വാഹന വകുപ്പിൽനിന്നും ഒഴിവാക്കാൻ കഴിയുമെന്ന് കരുതുന്നുണ്ടോ ;

(സി) ജനങ്ങൾക്ക് താമസംകൂടാതെ സേവനം നേരിട്ട് ലഭിക്കുന്നതിനും കൈക്കൂലി ഒഴിവാക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് പറയാമോ ;

(ഡി) ആർ.ടി. ഓഫീസുകളുമായി ബന്ധപ്പെട്ട പരാതികളും ഇടനിലക്കാർ ബന്ധപ്പെട്ട അഴിമതികളും വിജിലൻസിന് റിപ്പോർട്ടുചെയ്യുവാനും അടിയന്തരമായ നടപടികളിലൂടെ വകുപ്പിനെ അഴിമതിവിമുക്തമാക്കുവാനും ടോൾഫ്രീ നമ്പർ സംവിധാനവും വെബ്സൈറ്റും ആരംഭിക്കുമോ ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള ഓഫീസുകളിൽ ഇടനിലക്കാരെ ഒഴിവാക്കുന്നതിനുവേണ്ടി കർശനമായ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ജനങ്ങൾക്ക് ഓഫീസുകളിൽനിന്നും നേരിട്ട് സേവനങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടി ഫാസ്റ്റ് ട്രാക്ക് സംവിധാനം നടപ്പിലാക്കുകയുണ്ടായി. അതുപോലെ തന്നെ സർക്കാരിലേക്ക് ഒടുക്കേണ്ട ഫീസുകളും പുതിയ സ്വകാര്യ വാഹനങ്ങളുടെ നികുതികളും ഇ-പേമെന്റ് സംവിധാനംവഴി ഒടുക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്.

(ബി) ഇല്ല.

(സി) മോട്ടോർ വാഹന വകുപ്പിൽനിന്നും നൽകുന്ന എല്ലാ സേവനങ്ങളും 2007-ൽ ആരംഭിച്ച ഫാസ്റ്റ് പ്രോജക്റ്റ് പ്രകാരം കമ്പ്യൂട്ടർവൽക്കരിക്കുകയുണ്ടായി. ഇതുപ്രകാരം രജിസ്ട്രേഷൻ, ലൈസൻസ്, പെർമിറ്റ് തുടങ്ങിയ എല്ലാ സേവനങ്ങളും കമ്പ്യൂട്ടർ മുഖാന്തിരമാണ് നൽകുന്നത്. നിലവിൽ വകുപ്പിലെ സേവനങ്ങൾ നൽകുന്നത് നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ, സ്മാർട്ട് മൂവ് എന്ന സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ക്ലൈന്റ് സെർവർ ടെക്നോളജി ഉപയോഗിച്ച് നിർമ്മിച്ച ഈ സോഫ്റ്റ് വെയർ വെബ് ബേസ്ഡ് ടെക്നോളജിയിൽ പുനർ നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. നാഷണൽ ഇൻഫോർമാറ്റിക്സ് സെന്റർ ആണ് ഇതിന്റെ പ്രവർത്തനങ്ങൾ നടത്തുന്നത്. ഇതിലൂടെ കൂടുതൽ കാര്യക്ഷമമായി സേവനങ്ങൾ നൽകാൻ വകുപ്പിന് കഴിയുന്നതാണ്.

കൂടാതെ സംസ്ഥാനത്തെ മുഴുവൻ റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും 4 പ്രധാന ചെക്ക് പോസ്റ്റുകളിലും ക്യാമറ സ്ഥാപിക്കുന്നതിനുള്ള പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ഈ സംവിധാനം ഉപയോഗിച്ച് ഒരു ഓഫീസിലെ മുഴുവൻ പ്രവർത്തനങ്ങളും ഓഫീസ് മേധാവിക്കുതന്നെ കാണാൻ കഴിയുന്നു. ഇതുമൂലം ഓഫീസിൽവരുന്ന എല്ലാപേരേയും നിരീക്ഷിക്കുന്നതിനും ഓഫീസ് മേധാവിക്ക് കഴിയുന്നു. കൂടാതെ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് ഓരോ ഓഫീസിലെയും പ്രവർത്തനങ്ങൾ തന്റെ ഓഫീസിൽ ഇരുന്നുതന്നെ അപ്പപ്പോൾ പരിശോധിക്കാൻ കഴിയുന്നു. ഇതുമൂലം സ്ഥിരമായി ഓഫീസിൽ വരുന്നവരെ നിരീക്ഷിക്കുവാൻ കഴിയുന്നു.

കൂടാതെ 19 സേവനങ്ങൾക്ക് ഇ-പേമെന്റ് വഴി പണമടയ്ക്കാനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതോടൊപ്പംതന്നെ വാഹനങ്ങളുടെ നികുതിയും അടയ്ക്കാവുന്നതാണ്.

എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും വേഗത്തിൽ സേവനങ്ങൾ നൽകാനായി ഫാസ്റ്റ് ട്രാക്ക് കൗണ്ടറുകൾ പ്രവർത്തിക്കുന്നുമുണ്ട്. സേവനാവകാശ നിയമവും നടപ്പിലാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) റിജിയണൽ ട്രാൻസ്പോർട്ട് ഓഫീസുമായി ബന്ധപ്പെട്ട പരാതികളും ഇടനിലക്കാർ ബന്ധപ്പെട്ട അഴിമതികളും അറിയിക്കുന്നതിന് ട്രാൻസ്പോർട്ട് കമ്മീഷണറേറ്റിൽ പരാതി പരിഹാര സെൽ പ്രവർത്തിക്കുന്നുണ്ട്. ഇത് കമ്പ്യൂട്ടർവൽക്കരിക്കാനുള്ള നടപടിയെടുത്തുവരുന്നു. വകുപ്പിൽ ഇന്റേണൽ ഡിപ്പാർട്ട്മെന്റ് വിജിലൻസും പ്രവർത്തിക്കുന്നുണ്ട്.

ശബരിമല റോഡുകളിലെ സിഗ്നൽ ലൈറ്റുകൾ

271 (7834) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് സേഫ്റ്റി ഫണ്ട് ഉപയോഗിച്ച് ശബരിമലയിലെ റോഡുകളിൽ ഭക്തരുടെ സുരക്ഷയ്ക്കായി സൗരോർജ്ജംകൊണ്ട് പ്രവർത്തിക്കുന്ന സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്ന പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയത് ആരാണെന്നും ഇത്തരത്തിലുള്ള എത്ര സിഗ്നൽ ലൈറ്റുകളാണ് ശബരിമല പാതയോരങ്ങളിൽ സ്ഥാപിച്ചതെന്നും അറിയിക്കുമോ ;

(ബി) സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാൻ ആകെ എത്ര രൂപയാണ് ചെലവായത് : ഏതു കമ്പനിക്കായിരുന്നു സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാൻ കരാർ നൽകിയത് ;

(സി) സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കാനുള്ള കരാറിൽനിന്നും കെൽട്രോണിനെ ഒഴിവാക്കാനുണ്ടായ കാരണം വിശദമാക്കുമോ ;

(ഡി) സിഗ്നൽ ലൈറ്റിന്റെ ഘടകങ്ങൾ ഗുണനിലവാരമുള്ളവയാണെന്ന് സർട്ടിഫൈ ചെയ്തവയാണോ ;

(ഇ) എങ്കിൽ ഈ ലൈറ്റുകൾ ഗുണനിലവാരം ഇല്ലാത്തവയാണെന്നുള്ള പരാതിയിന്മേൽ എന്തെല്ലാം അന്വേഷണ നടപടികളാണ് സ്വീകരിച്ചതെന്നും കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിക്കുമോയെന്നും അറിയിക്കുമോ ?

ഉത്തരം

(എ) 2011-ൽ ശബരിമല തീർത്ഥാടനവേളയിൽ പത്തനംതിട്ട-പമ്പാ റൂട്ടിൽ 28 സ്ഥലങ്ങളിലായി 58-ഓളം സൗരോർജ്ജ സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കി കേരള റോഡ് സേഫ്റ്റി അതോറിറ്റിക്ക് സമർപ്പിച്ചത് കെൽട്രോൺ ആണ്. കൂടാതെ ശബരിമലയിൽ 129 സിഗ്നൽ ലൈറ്റുകൾ (വാണിംഗ് ബ്ലിംങ്കേഴ്സ്) സ്ഥാപിക്കുന്നതിലേക്കായി 2012 ൽ റോഡ് സേഫ്റ്റി അതോറിറ്റി പോലീസ് വകുപ്പിന് 2 കോടി രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) 2011-ൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിലേക്കായി കരാർ പ്രകാരം റോഡ് സേഫ്റ്റി അതോറിറ്റി ഫണ്ടിൽനിന്നും 21,13,425 രൂപ കെൽട്രോണിന് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly